ഭരണഭാഷ-മാതൃഭാഷ

നമ്പർ.400941/GGGR09/GPO/2023/6014/(2)

കായക്കൊടി ഗ്രാമ പഞ്ചായത്ത് ആഫീസ്

കായക്കൊടി

തളിയിൽ.പി.ഓ

കോഴിക്കോട്

Phone No:04962966627

E-mail:secretarykydgp@gmail.com

തീയതി : 14/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇൻറേണൽ വിജിലൻസ് ഓഫീസർ
ജില്ലാ ജോയൻറ് ഡയറക്ടറുടെ കാര്യാലയം തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട്

സർ,

വിഷയം:- നാദാപുരം നിയോജക മണ്ഡലം- കായക്കൊടി ഗ്രാമപഞ്ചായത്ത്- നവകേരള സദസ്- പരാതി- സംബന്ധിച്ച്

സൂചന:- 24/11/2023 തിയ്യതിയിൽ ശ്രീ ബാലൻ വള്ളുപറമ്പത്ത് എന്നവർ നാദാപുരം നിയോജക മണ്ഡലം നവകേരള സദസ്സിൽ സമർപ്പിച്ച kkd0220438 നമ്പർ പരാതി.

സൂചന പരാതിയിൻമേൽ വിശദമായ റിപ്പോർട്ട് താഴെ പറയും പ്രകാരം സമർപ്പിക്കുന്നു.

കായക്കൊടി ഗ്രാമപഞ്ചായത്തിൽ ശ്രീ ബാലൻ വള്ളുപറമ്പത്ത് എന്നവർ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിന് 22/11/2014 ന് സമർപ്പിച്ച അപേക്ഷയിൽ KPBR 2011 റൂൾ 28(1),28(3),64, 64(3),64(4) എന്നീ ചട്ടങ്ങൾ പാലിക്കുന്നില്ല എന്ന കാരണത്താൽ അപേക്ഷ അപാകത പരിഹരിക്കാൻ കത്ത് നൽകിയിരുന്നു. തുടർന്ന് കേരള പഞ്ചായത്ത് രാജ് (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2018 പ്രകാരം ഫോറം നമ്പർ 1 എ യിൽ ശ്രീ ബാലൻ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൻമേൽ ക്രമവൽക്കരണത്തിന് വേണ്ടി 25/10/2019 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ ടൌൺ പ്ലാനർ കോഴിക്കോട് ഓഫീസിലേക്ക് അപേക്ഷയും അനുബന്ധ രേഖകളും നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിൻമേൽ 18/12/2019 ൽ TCKZ-D-3283/2019-C1 നമ്പർ കത്ത് പ്രകാരം താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു എന്നും ആയത് പരിഹരിച്ച് അപേക്ഷ സമർപ്പിക്കാൻ ശ്രീ ബാലൻ എന്നവർക്ക് കത്ത് നൽകിയിരുന്നു.

1. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്നതും സ്ഥലത്ത് ലഭ്യമായതുമായ അളവുകൾ LSGD അസി. എഞ്ചിനീയർ ഒരു പ്രസ്താവനയായി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിക്കാണുന്നു. സ്ഥലത്ത് യഥാർത്ഥത്തിൽ ലഭ്യമായ അളവുകൾ രേഖപ്പെടുത്തി തയ്യാറാക്കിയ പ്ലാനുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയാണ് അപേക്ഷ നഗരാസൂത്രണ വിഭാഗത്തിൽ അപേക്ഷ അയക്കേണ്ടത്.

2. സമർപ്പിച്ച പ്ലാൻ പ്രകാരം 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് 220 ബി ലംഘിക്കുന്നു.

3. ചട്ടം 3(2)(ബി)(1)(II) പ്രകാരം ഉടമസ്ഥനും ലൈസൻസിയും രേഖപ്പെടുത്തേണ്ട സാക്ഷ്യപ്പെടുത്തലുകൾ ചെയ്തിട്ടില്ല.

4. ചട്ടം 6(4) പ്രകാരം അംഗപരിമിതർക്കായുള്ള ശുചിമുറി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല.

5. അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോറം1(ബി) യിൽ വടക്ക് ഭാഗത്ത് കെട്ടിടത്തിൻറെ ഭാഗം ഉടമസ്ഥൻറേതല്ലാത്ത സ്ഥലത്തേക്ക് നിൽക്കുന്നതായി രേഖപ്പെടുത്തിയത് പരിശോധനയിൽ ശരിവയ്ക്കുന്നുണ്ട്. ഇത്തരത്തിൽ കൈയ്യേറ്റമുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരണത്തിന് പരിഗണിക്കാൻ നിർവ്വാഹം ഇല്ലാത്തതാണ്.

മേൽ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിന് അപേക്ഷകനായ ശ്രീ ബാലൻ വള്ളുപറമ്പത്ത് എന്നവർ നാളിതുവരെയായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന വിവരവുംകൂടി അറിവിനായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

മനോജ് എടവലത്ത്
അസിസ്റ്റൻറ് സെക്രട്ടറി

Document certified by MANOJ ETAVALATH
<MANOJE543@GMAIL.COM>.
Digitally signed by MANOJ ETAVALATH
Date: 2023.12.14 ...5:16 IST
Reason: ILGMS Govt. of kerala

B1

78/20
6-1-2020

"ഭരണഭാഷ-മാതൃഭാഷ"

ടിസിപികെഇസെഡ് ഡി-3283/2019-സി1

മേഖലാ നഗരാസൂത്രണ കാര്യാലയം,
An ISO 9001 2015 Certified Office,
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. 18/12/2019
ഫോൺ. 0495-2369300,
ഇ-മെയിൽ :tcpdkkd@gmail.com

നഗരാസൂത്രക,
കോഴിക്കോട്.

സെക്രട്ടറി,
കായക്കൊടി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- കായക്കൊടി ഗ്രാമപഞ്ചായത്ത് - അനധികൃത കെട്ടിട നിർമാണം ക്രമവത്കരണം - ന്യൂനതകൾ അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 25/10/19-ലെ ബി1-3670/19 നമ്പർ കത്ത്.

..................

മേൽ സൂചന പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്നതും സ്ഥലത്തു ലഭ്യമായതുമായ അളവുകൾ LSGD അസി.എഞ്ചിനീയർ ഒരു പ്രസ്താവനയായി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തി കാണുന്നു. സ്ഥലത്തു യഥാർത്ഥത്തിൽ ലഭ്യമായ അളവുകൾ രേഖപ്പെടുത്തി തയ്യാറാക്കിയ പ്ലാനുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയാണ് (ചട്ടം 6.(2)(ii)) അപേക്ഷ ഈ ഓഫീസിലേക്ക് അയക്കേണ്ടത്.
2. സമർപ്പിച്ച പ്ലാൻ പ്രകാരം നിർമാണം 1994 ലെ കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 220b [ചട്ടം 6(4)(i)] ലംഘിക്കുന്നു
3. ചട്ടം 3(2)(b)(i)(ii) പ്രകാരം ഉടമസ്ഥനും ലൈസെൻസിയും രേഖപ്പെടുത്തേണ്ട സാക്ഷ്യപ്പെടുത്തലുകൾ ചെയ്തിട്ടില്ല.
4. ചട്ടം 6(4) പ്രകാരം അംഗപരിമിതർക്കായുള്ള ശുചിമുറി സൗകര്യം രേഖപ്പെടുത്തിയിട്ടില്ല.
5. അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോം 1-B-യിൽ വടക്ക്ഭാഗത്തു കെട്ടിടത്തിന്റെഭാഗം ഉടമസ്ഥന്റേതല്ലാത്ത സ്ഥലത്തേക്ക് നിൽക്കുന്നതായി രേഖപ്പെടുത്തിയത് ഈ ഓഫീസിൽനിന്നും നടത്തിയ പരിശോധനയിൽ ശരിവെക്കുന്നുണ്ട്. ഇത്തരത്തിൽ കയ്യേറ്റമുള്ള നിർമാണങ്ങൾ ക്രമവത്കരണത്തിന് പരിഗണിക്കാൻ നിർവാഹമില്ലാത്തതാണ്.

6/1/20

**File No.TCPKZD/3283/2019-C1**

G.O(P) No. 12/ 2018/ LSGD dated 15/2/ 2018 പ്രകാരമുള്ള നിർബന്ധമായും പാലിച്ചിരിക്കേണ്ട എല്ലാ ചട്ടങ്ങളും പാലിക്കാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ നിവാഹമില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**നഗരാസൂത്രക, കോഴിക്കോട്**

**പകർപ്പ്:-ശ്രീ.ബാലൻ. വി.പി, വള്ളുപറമ്പത്ത്, കായക്കൊടി (പി.ഒ)**